സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ

1840 [2876] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകുന്ന നടപടി എന്നാണ് ആരംഭിച്ചത്;

(ബി) പ്രൊട്ടക്ഷൻ നൽകുന്നതിനെ സംബന്ധിച്ച അദ്ധ്യാപക സംഘടനകളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ ഗവൺമെന്റിന്റെ തീരുമാനമെന്താണെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 6-3-1969-ലെ ഗവ. ഉത്തരവ് നമ്പർ (എം. എസ്.) 104/69/വിദ്യാഭ്യാസം അനുസരിച്ചാണ് പ്രൊട്ടക്ഷൻ നൽകുന്ന നടപടി ആരംഭിച്ചത്.

(ബി) ഉണ്ട്.

(സി) പരിശോധിച്ചുകൊണ്ടിരിക്കുന്നു.

ഡി. ഇ. ഒ. ഓഫീസുകൾ

1841 [2877] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഡി.ഇ.ഒ. ഓഫീസുകളുണ്ട്;

(ബി) സ്കൂളുകളുടെ വർദ്ധനയനുസരിച്ച് ഡി.ഇ.ഒ. ഓഫീസുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 31.

(ബി, സി) സ്കൂളുകളുടെ വർദ്ധനയനുസരിച്ച് ഡി. ഇ. ഒ. ഓഫീസുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണെന്ന നിർദ്ദേശം ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിമൂലം ഒരുമിച്ച് നടപ്പിലാക്കാൻ നിവർത്തിയില്ല. എന്നാൽ ഭരണപരമായി അത്യാവശ്യമെന്നു കാണുന്ന സ്ഥലങ്ങളിൽ പുതിയ ഡി. ഇ. ഒ. ഓഫീസുകൾ സ്ഥാപിച്ചുകൊണ്ട് ഇത് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരികയാണ്.

റിട്ടയർ ചെയ്ത അദ്ധ്യാപകരുടെ പ്രൊവിഡണ്ട് ഫണ്ട്

1842 [2878] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984, 1985, 1986 വർഷങ്ങളിൽ റിട്ടയർ ചെയ്ത അദ്ധ്യാപകർക്ക് നൽകേണ്ട പ്രൊവിഡണ്ട് ഫണ്ട് സംഖ്യ മുഴുവൻ കൊടുത്തു കഴിഞ്ഞുവോ;

LIBRARY ARCHIVES Kerala Legislative Assembly